## മുല്ലപ്പെരിയാർ പരിസ്ഥിതി ആഘാത പഠനം

21 (*81) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ കേന്ദ്ര വനം വന്യജീവി വകുപ്പ് നൽകിയ അനുമതി റദ്ദാക്കിയതിന് ആധാരമായി പറഞ്ഞിരിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് തമിഴ് നാട് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന ഹർജിയിൽ ഉത്തരവോ, ഇടക്കാല ഉത്തരവോ വന്നിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ;

(സി) ഹർജി ഫയൽ ചെയ്തിട്ടുണ്ട് എന്ന കാരണത്താൽ മാത്രം പരിസ്ഥിതി ആഘാത പഠനത്തിനു നൽകിയ അനുമതി പിൻവലിച്ചത് സംസ്ഥാന സർക്കാരിന്റെ ജാഗ്രത കുറവുകൊണ്ടാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ അന്തർ സംസ്ഥാന ജലവിഭാഗവും കാവേരി സ്പെഷ്യൽ സെല്ലും പ്രസ്തുത ആവശ്യത്തിനായി ചെയ്ത നടപടികൾ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം (EIA study) നടത്തുവാനുള്ള അനുമതി ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശയോടെ ലഭ്യമാക്കുന്നതിനാവശ്യമായ നിയമാനുസരണ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നു. ഇതിലേക്കായി പരിസ്ഥിതി ആഘാത പഠനം സംബന്ധിച്ച ടേംസ് ഓഫ് റഫറൻസ് (TOR) അംഗീകരിച്ചു കിട്ടുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ Expert Appraisal Committee മുമ്പാകെയും അപേക്ഷ സമർപ്പിച്ചിരുന്നു. കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവ പൂർണ്ണമായ സമീപനമാണ് പ്രസ്തുത കമ്മിറ്റി തുടക്കത്തിൽ സ്വീകരിച്ചിരുന്നത്. പരിസ്ഥിതി

ആഘാത പഠനം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്ന അവസരത്തിൽ കേരളം സ്വീകരിച്ചു വരുന്നു. പര്യവേഷണ ജോലികളും പരിസ്ഥിതി ആഘാത പഠനത്തിനുള്ള നടപടികളും നിർത്തിവക്കുന്ന കാര്യത്തിൽ ഉത്തരവുണ്ടാകണമെന്ന്. ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഇടക്കാല ഹർജി ഫയൽ ചെയ്തു. സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ പരിസ്ഥിതി ആഘാത പഠനത്തിനുള്ള TOR-ന് അംഗീകാരം നൽകേണ്ടതില്ലായെന്ന് Expert Appraisal Committee ആദ്യം തീരുമാനിച്ചിരുന്നു. എന്നാൽ മുല്ലപ്പെരിയാർ വിഷയത്തിലുള്ള 7-5-2014-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, ഇരുസംസ്ഥാനങ്ങളുടേയും (കേരളം, തമിഴ്നാട്) പരസ്പരധാരണയുടേയും അംഗീകാരത്തോടേയും കൂടി മാത്രമേ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ പാടുള്ളൂവെന്ന വസ്തുത കണക്കിലെടുത്ത് പരിസ്ഥിതി ആഘാത പഠനത്തിനുള്ള TOR അംഗീകരിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം delist ചെയ്യപ്പെട്ടതായി പിന്നീട് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽവിവരിച്ച തീരുമാനത്തെ തുടർന്ന് ദേശീയ വന്യജീവി ബോർഡിൽ നിന്നും പരിസ്ഥിതി ആഘാത പഠനത്തിന് നല്കിയ ശിപാർശയ്ക്ക് പ്രസക്തിയില്ലായെന്നുള്ള നിഗമനത്തിൽ, പരിസ്ഥിതി ആഘാത പഠനത്തിനായി ദേശീയ വന്യജീവി ബോർഡ് നൽകിയിട്ടുള്ള ശിപാർശ പിൻവലിക്കുന്നതായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ വന്യജീവി വിഭാഗവും അറിയിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല. പരാമർശ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജിയിന്മേൽ ബഹു.സുപ്രീംകോടതി തീർപ്പ് കൽപ്പിച്ചിട്ടില്ല. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിലേയ്ക്കായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട വകുപ്പോ വീഴ്ച വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ജാഗ്രതക്കുറവും ഉണ്ടായിട്ടില്ല. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലായെന്ന് കാര്യകാരണസഹിതം സംസ്ഥാന സർക്കാർ അറിയിച്ചിട്ടും, സർക്കാരിന്റെ വാദങ്ങൾ പരിഗണിക്കപ്പെട്ടില്ലായെന്നുള്ളതാണ് വസ്തുത. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ വിവിധ ഏജൻസികൾ കൈക്കൊണ്ടിട്ടുള്ള ഏകപക്ഷീയമായ തീരുമാനങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നുള്ള ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം; മുല്ലപ്പെരിയാർ

LIBRARY ARCHIVES Kerala Legislative Assembly

വിഷയത്തിൽ ബഹു. സുപ്രീംകോടതിയുടെ 7-5-2014-ലെ വിധിന്യായത്തിലെ വ്യവസ്ഥകൾ പ്രകാരം ഇരുസംസ്ഥാനങ്ങളും തമ്മിൽ ധാരണയിലെത്താതെ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്നുള്ള നിലപാടാണ് കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

(ഡി) പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലായെന്നുള്ള നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആവശ്യം നിരസിക്കുന്നതിനുള്ള തീരുമാനം ഏകപക്ഷീയമാണെന്നും, കേരളത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലെന്നും അറിയിച്ചുകൊണ്ട് വിശദമായ കത്തുകൾ കേന്ദ്രസർക്കാരിനും ബഹു. പ്രധാനമന്ത്രിക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ആവശ്യം പരിഗണിക്കുന്നതിനുള്ള അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരോ, കേന്ദ്ര സർക്കാർ ഏജൻസികളോ സ്വീകരിച്ചിട്ടില്ല. നിയമപരമായ നടപടികൾ ഇക്കാര്യത്തിൽ വീണ്ടും സ്വീകരിക്കുന്നതു സംബന്ധിച്ച് സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന വിദഗ്ദ്ധരായ അഭിഭാഷകരുടെ നിയമോപദേശം ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി സംബന്ധിച്ചുള്ള Reply affidavit കേരളം ഫയൽ ചെയ്തിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സമയബന്ധിതമായിതന്നെ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

(ഇ) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന്റെ മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശയോടെയുള്ള അനുമതിയും പ്രസ്തുത പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് (TOR)-നുള്ള അംഗീകാരവും ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് സർക്കാരും, ജലസേചന വകുപ്പും, ജലസേചന വകുപ്പിലെ അന്തർസംസ്ഥാന ജലവിഭാഗവും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. പരാമർശ വിഷയത്തിൽ സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഹർജികളിന്മേൽ നിയമപരമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് ഡൽഹിയിലെ കാവേരി സ്പെഷ്യൽ സെല്ലും പരിശ്രമിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ചു കിട്ടുന്നതിലേയ്ക്കായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly